രണ്ടാം ഗ്രേഡ് ആഡിറ്റർമാരുടെ നിയമനം

29 (1305) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ നിന്നും രണ്ടാം ഗ്രേഡ് ആഡിറ്റർമാരെ സെക്രട്ടേറിയറ്റിലേക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ മുഖേന നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ എത്ര രണ്ടാം ഗ്രേഡ് ആഡിറ്റർമാരെയാണ് ഇപ്രകാരം സെക്രട്ടേറിയറ്റിലേക്ക് മാറ്റിയത് ;

(സി) പ്രസ്തുത ജീവനക്കാർ ആഡിറ്റ് വകുപ്പിൽ എത്ര വർഷം വരെ സർവ്വീസ് പൂർത്തിയാക്കിയവരാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇപ്പോൾ രണ്ടാം ഗ്രേഡ് ആഡിറ്റർമാരുടെ എത്ര ഒഴിവുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ഉണ്ട് ;

(ഇ) പ്രസ്തുത രണ്ടാം ഗ്രേഡ് ആഡിറ്റർമാരുടെ ഒഴിവിലേക്ക് താല്ക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്നാണെന്നും അവർ എത്ര പേരാണെന്നും വിശദമാക്കുമോ ;

(ജി) ലോക്കൽ ഫണ്ട് വകുപ്പിൽ ഐ.എ.ആന്റ് എ.എസ്. പദവിയുള്ള ഡയറക്ടർ ചുമതലയേൽക്കുന്നതിനുമുമ്പ് താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉള്ള ആഡിറ്റർ ജീവനക്കാരുടെ ഇന്റർവ്യൂവും നിയമനവും ആരായിരുന്നു നടത്തിയിരുന്നത് എന്ന് വ്യക്തമാക്കാമോ ;

(എച്ച്) ഇപ്പോഴത്തെ ഐ.എ. ആന്റ് എ.എസ്. വകുപ്പ് ഡയറക്ടർ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആഡിറ്റുമാരുടെ നിയമനം നടത്തുന്നതിനായി ഓരോ ജില്ലാ ആഫീസുകളിലും പോയി ഇന്റർവ്യൂവും നിയമനവും നടത്തിയ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ ഇപ്രകാരം ചെയ്തത് എന്ത് അടിസ്ഥാനത്തിലാണ്, ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ജെ) ഇക്കാര്യത്തിനുള്ള ടൂറിന് വേണ്ടി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഡയറക്ടറും മറ്റു സ്റ്റാഫും എന്തു തുകയുടെ റ്റി.എ.യും ഡി.എ.യും ക്ലെയിം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 31

LIBRARY ARCHIVES Kerala Legislative Assembly

(സി) മൂന്നു മാസം മുതൽ രണ്ടു വർഷം വരെ സർവ്വീസ് പൂർത്തിയാക്കിയവർ ഉണ്ട്.

(ഡി)54 ഒഴിവുകൾ

(ഇ) പി.എസ്.സി. ലിസ്റ്റിന്റെ അഭാവത്തിൽ പ്രസ്തുത തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി നിയമനം നൽകിയിട്ടുണ്ട്.

(എഫ്) 14-12-2000 മുതൽ 15-2-2001 വരെ ഇപ്രകാരം 54 പേരെ വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്.

(ജി) ആഡിറ്റർമാരുടെ നിയമനാധികാരിയായ വകുപ്പ് ഡയറക്ടർ തന്നെയായിരുന്നു താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ആഡിറ്റർമാരുടെ ഇന്റർവ്യൂവും നിയമനവും നടത്തിയിരുന്നത്.

(എച്ച്) ഉണ്ട്.

(ഐ) ആഡിറ്റർമാരുടെ നിയമനാധികാരി വകുപ്പു മേധാവിയായ ഡയറക്ടർ തന്നെയായതിനാൽ അതാത് ജില്ലാ ആഫീസുകളിൽ വച്ച് ഡയറക്ടർ ജില്ലാ ആഫീസുകളിൽ വച്ച് ഡയറ്കടർ തന്നെ ഇന്റർവ്യൂ നടത്തുകയും ഉത്തമമായവരെ താല്ക്കാലികമായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ജെ) 12/2000 ലെ റ്റി.എ. ഡി.എ. എന്നീ ഇനങ്ങളിലായി ഡയറക്ടർ 1800 രൂപ ഇക്കാര്യത്തിൽ കൈപ്പറ്റിയിട്ടുണ്ട്. മറ്റ് സ്റ്റാഫുകൾ ടി.എ, ഡി.എ, എന്നിവ ക്ലെയിം ചെയ്തിട്ടുണ്ടെങ്കിലും തുകയൊന്നും കൈപ്പറ്റിയിട്ടില്ല.

കള്ളു ഷാപ്പുകൾ

30 (1307) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96-ൽ സംസ്ഥാനത്ത് എത്ര കള്ളുഷാപ്പുകൾ ഉണ്ടായിരുന്നു എന്നും 1999-2000, 2000-2001 എന്നീ വർഷങ്ങളിൽ എത്രവീതം കള്ളുഷാപ്പുകളാണ് ഉണ്ടായിരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) 1995-96-ൽ എത്ര ലിറ്റർ കള്ള് ഉല്പാദിപ്പിച്ചിരുന്നു എന്നും എത്ര ലിറ്റർ കള്ള് വിറ്റിരുന്നു എന്നും എത്ര രൂപയ്ക്കാണ് പ്രസ്തുത കള്ളുഷാപ്പുകൾ ലേലത്തിൽ പോയതെന്നും വ്യക്തമാക്കുമോ ;

(സി) 1999-2000, 2000-2001 എന്നീ വർഷങ്ങളിൽ എത്ര ലിറ്റർ കള്ളു വീതമാണ് ഉല്പാദിപ്പിച്ചിരിക്കുന്നത് എന്നും എത്ര ലിറ്റർ വീതമാണ് വിറ്റിരുന്നത് എന്നും ഒരോ വർഷവും എത്ര തുകയ്ക്കാണ് പ്രസ്തുത കള്ളുഷാപ്പുകൾ ലേലത്തിൽ പോയതെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly